# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.86 10.06.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം

| ചോദ്യം<br><br>ശ്രീ. റ്റി.വി.രാജേഷ്: | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതരെ സഹായിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) | സർക്കാർ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിയിട്ടുള്ള സമഗ്രമായ ദുരന്തനിവാരണ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എൻഡോസൾഫാൻ ദുരിത ബാധിതരായ എത്ര അർബുദ രോഗികളാണുള്ളത്;<br>അവർക്ക് ധനസഹായമായി എത്ര രൂപ വീതമാണ് നൽകിയത്; | (ബി) | എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ 355 അർബുദ രോഗികളെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.<br>4182 പേരുടെ ആദ്യ പട്ടികയിൽ - 184 പേർ<br>1318 പേരുടെ പട്ടികയിൽ - 171 പേർ<br>ആകെ 355 പേർ<br>ഇതിൽ 4182 പേരുടെ ദുരിതബാധിത പട്ടികയിലെ കാൻസർ രോഗികളായ 164 പേർക്ക് 1 ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. 1318 പേരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 171 കാൻസർ രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസ - ആരോഗ്യ ചെലവുകൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യമായി വിദഗ്ധ ചികിത്സ നൽകി വരുന്നുണ്ട്. കസ്തൂർബ മെഡിക്കൽ കോളേജുകൾ, യെനപ്പോയ മെഡിക്കൽ കോളേജ് ദെർലക്കട്ടെ, പരിയാരം മെഡിക്കൽ കോളേജ് , കോഴിക്കോട് മെഡിക്കൽ കോളേജ് എന്നീ മെഡിക്കൽ കോളേജുകളിലും മറ്റ് 12 എംപാനൽഡ് ആശുപത്രികളിലും സൗജന്യമായി വിദഗ്ധ ചികിത്സ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം പ്രൈമറി തലത്തിൽ - 2000 രൂപ ഹൈസ്കൂൾ തലത്തിൽ- 3000 രൂപ , ഹയർ സെക്കന്ററി തലത്തിൽ - 4000 രൂപ എന്നീ നിരക്കിൽ സ്കോളർഷിപ്പ് നൽകി വരുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് വേണ്ടി ദുരിതബാധിത മേഖലയിൽ 6 ബഡ്സ് സ്കൂളുകൾ നടത്തി വരുന്നുണ്ട്. |
| (ഡി) | എൻഡോസൾഫാൻ ബാധിതരായ രോഗികളെ ചികിത്സിക്കുന്നതിനായി ഒരു അത്യാധുനിക ആശുപത്രി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 24.03.2012 - ലെ സ.ഉ(എം.എസ്) നം.98/2012/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിൽ ഒരു മെഡിക്കൽ കോളേജ് സർക്കാർ തലത്തിൽ തുടങ്ങാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ

എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ ഇതുവരെ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്ത എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2013 ജൂൺ - ജൂലൈ മാസങ്ങളിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) സൗജന്യ ചികിത്സാ സൗകര്യം

എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയവർക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ മൂന്ന് മെഡിക്കൽ കോളേജുകൾ അടക്കം താഴെ പ്രതിപാദിച്ച 12 എംപാനൽഡ് ആശുപത്രികളിലൽ സൗജന്യമായി വിദഗ്ധ ചികിത്സയും നൽകി വരുന്നുണ്ട്.

12 എംപാനൽഡ് ആശുപത്രികൾ

1. ഏനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
2. പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
3. കോഴിക്കോട് മെഡിക്കൽ കോളേജ്.
4. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽസയൻസസ്, തിരുവനന്തപുരം
5. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
6. മലബാർ കാൻസർ സെന്റർ, തലശ്ശേരി
7. ഐക്കോൺസ്, ഷൊർണ്ണൂർ
8. വിമൻ ആന്റ് ചൈൽഡ് ഹോസ്പിറ്റൽ മങ്ങാട്ടുപറമ്പ
9. ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി
10. ജനറൽ ഹോസ്പിറ്റൽ , കാസർഗോഡ്
11. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
12. ജില്ലാ ആശുപത്രി, കണ്ണൂർ

കൂടാതെ 2.4.2013 - ലെ സ.ഉ(ആർ.റ്റി) നം.1186/13/ആ.കു.വ തീയതി പ്രകാരം 4 ആശുപത്രികൾ കൂടി NRHM പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സൗജന്യ ചികിത്സക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

i) കസ്തൂർബ മെഡിക്കൽ കോളേജ്, മംഗലാപുരം & മണിപാൽ

ii) ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി, അങ്കമാലി

iii) ഗവ.ആയുർവേദ മെഡിക്കൽ കോളേജ്, പരിയാരം

iv) ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്

പ്രസ്തുത ആശുപത്രികളിൽ ചികിത്സ ആവശ്യമുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ

ദുരിതബാധിതരുടെ പട്ടികയിൽ ഇതിനകം ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ പ്രഥമ ദൃഷ്ട്യാ ദുരിതബാധിതരാണെന്ന് കണ്ടെത്തിയിട്ടുള്ളതുമായ രോഗികളിൽ അടിയന്തരമായി ചികിത്സ ആവശ്യമുള്ളവർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സൗജന്യ ചികിത്സയ്ക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

<u>മൊബൈൽ മെഡിക്കൽ ടീം.</u>

11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗത്തിലെ ഡോക്ടർമാരാണ് മെഡിക്കൽ ടീമിലുള്ളത്.

<u>സൗജന്യ യാത്രാ സൗകര്യം</u>

വിദഗ്ധ ചികിത്സ ആവശ്യമുള്ള ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി 11 ദുരിതബാധിത പഞ്ചായത്തുകളിലും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ജില്ലയിലെ 11 ദുരിത ബാധിത പഞ്ചായത്തുകൾക്ക് മെയിന്റനൻസ് ചാർജ്ജുകൾ വഹിക്കാൻ തയ്യാറാണെങ്കിൽ ഓരോ ആമ്പുലൻസ് വീതം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാര്യം ബന്ധപ്പെട്ട പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട്.

<u>സൂപ്പർവൈസർ / സ്റ്റാഫ് നഴ്സ് / ജെ.എച്ച്.ഐ</u>

ദുരിതബാധിതരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി 11 ഗ്രാമപഞ്ചായത്തുകളിലും പ്രത്യേകം സൂപ്പർവൈസർ / സ്റ്റാഫ് നഴ്സ് / ജെ.എച്ച്.ഐ എന്നിവരെ നിയമിച്ചിട്ടുണ്ട്.

<u>പ്രതിമാസ പെൻഷൻ :</u>

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ 2000/-, 1000/- എന്നിങ്ങനെ പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്.

<u>സൗജന്യ റേഷൻ</u>

ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>വിദ്യാഭ്യാസ സ്കോളർഷിപ്പ്</u>

എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം താഴെ പ്രതിപാദിച്ച പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്.

പ്രൈമറി - 2000 രൂപ

ഹൈസ്കൂൾ - 3000 രൂപ
ഹയർ സെക്കന്ററി - 4000 രൂപ

**ബഡ്സ് സ്കൂളുകൾ**

മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ)സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകൾക്ക് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ഫിസിയോ തെറാപ്പി സൗകര്യം**

11 ദുരിതബാധിത പഞ്ചായത്തുകളിലും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കി വരുന്നുണ്ട്.

**കെയർ ടേക്കർ അലവൻസ്**

കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരൺ പദ്ധതി മുഖേന 400/- രൂപ പ്രതിമാസ ബത്തയായി 400 രൂപ നൽകി വരുന്നുണ്ട്. നിലവിൽ എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് നൽകിവരുന്ന ബത്ത 400 രൂപയിൽ നിന്ന് 700 രൂപയാക്കി ഉത്തരവായിട്ടുണ്ട്.

**ഹോംബേസിഡ് പാലിയേറ്റീവ് കെയർ**

11 ദുരിത ബാധിത ഗ്രാമപഞ്ചായത്തുകളിലും പരിശീലനം ലഭിച്ച രണ്ടുവീതം സ്റ്റാഫ് നഴ്സുമാർ കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ പരിചരണങ്ങൾ നൽകി വരുന്നുണ്ട്.

**നോഡൽ /സ്പെഷ്യൽ ഓഫീസർ**

സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായും ശ്രീ.ബാലകിരൺ ഐ.എ.എസിനെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

**സ്പെഷ്യൽ സെൽ**

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ടറേറ്റിൽ സ്പെഷ്യൽ സെല്ലും സെല്ലിൽ ഒരു ഡെപ്യൂട്ടി കളക്ടറുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**നബാർഡ് - RIDF പദ്ധതി**

ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് - RIDF സഹായത്തോടെ 231 പദ്ധതികൾക്കായി 12225.73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് കാസർഗോഡ് സബ് കളക്ടറുടെ മേൽ നോട്ടത്തിൽ പുരോഗമിച്ച് വരുന്നുണ്ട്.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള ധനസഹായം

ദേശീയ മനുഷ്യവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കുവാനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

പൂർണ്ണമായും കിടപ്പിലായവർക്ക് - 5 ലക്ഷം രൂപ വീതം
ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് - 5 ലക്ഷം രൂപ വീതം
മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് - 3 ലക്ഷം രൂപ വീതം
കാൻസർ രോഗികൾക്ക് - 3 ലക്ഷം രൂപ വീതം
മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് - 5 ലക്ഷം രൂപ വീതം

പ്രസ്തുത ധനസഹായത്തിലെ ആദ്യ ഗഡു താഴെ പ്രതിപാദിച്ച വിധത്തിൽ അനുവദിച്ചിട്ടുണ്ട്.

പൂർണ്ണമായും കിടപ്പിലായ 197 പേർക്ക് - 1.5 ലക്ഷം രൂപ വീതം
ബുദ്ധിമാന്ദ്യം സംഭവിച്ച 802 പേർക്ക് - 1.5 ലക്ഷം രൂപ വീതം
മറ്റ് ശാരീരിക വൈകല്യമുള്ള 783 പേർക്ക് - 1 ലക്ഷം രൂപ വീതം
കാൻസർ രോഗികൾക്ക് 164 പേർക്ക് - 1 ലക്ഷം രൂപ വീതം
മരണപ്പെട്ട 600 പേരുടെ ബന്ധുക്കൾക്ക് -1. 5 ലക്ഷം രൂപ വീതം

ദുരിത ബാധിതരുടെ കടബാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ സമിതിയെ നിയോഗിച്ച ദുരിതബാധിതരുടെ കടങ്ങൾക്ക് ആറുമാസത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാകാത്ത മറ്റ് വിഭാഗങ്ങളിൽപ്പെട്ട ദുരിതബാധിതരെ പരിശോധനയ്ക്ക് വിധേയമാക്കി അവരുടെ അർഹത തീരുമാനിക്കാനും കാറ്റഗറി നിശ്ചയിക്കാനുമായി 5 വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന സമിതിയെ നിയോഗിക്കിച്ചിട്ടുണ്ട്.

കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മേഖലയിലെ ബഡ്സ് സ്കൂളിലെ ജീവനക്കാരുടെ വേതനത്തിൽ 1500 രൂപയുടെ വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

**Health & Family Welfare Department – Medical Education Services – Establishment of new Medical Colleges under Government Sector – Administrative Sanction accorded - Orders issued.**

---

**HEALTH & FAMILY WELFARE (S) DEPARTMENT**

GO(MS) No.98/2012/H&FWD Dated, Thiruvananthapuram, 24-03-2012

Read:- (1) GO(Rt)No.3068/2011/H&FWD dated 25.08.2011
(2) GO(Rt)No.351/2011/H&FWD dated 01.02.2012

**ORDER**

Government have appointed a Special Officer for setting up of the new Medical Colleges under Government Sector vide Government Order read as 1st paper above.

Government are pleased to accord Administrative Sanction for the establishment of the four new Medical Colleges under Government sector at Kozhencherry in Pathanamthitta District, at Idukki in Idukki District, at Manjeri in Malappuram District and at Badiyadukka in Kasargod District.

By Order of the Governor
Rajeev Sadanandan
Principal Secretary to Government

To

The Director of Medical Education, Thiruvananthapuram.
Dr.P.G.R.Pillai, Special Officer for Setting up of Medical Colleges, 'SURAMA', Doctors' Gardens, Gandhi Nagar.P.O, Kottayam- 686008
The Director of Health Services, Thiruvananthapuram
The State Mission Director,NRHM, Thiruvananthapuram
The Chief Engineer, PWD, Thiruvananthapuram
The District Collector, Pathanamthitta/Idukki/Malappuram/Kasargod
The MD, Kerala Medical Services Corporation Ltd, Thiruvananthapuram
The Accountant General (A&E/Audit), Kerala, Thiruvananthapuram
The Director,I&PRD, Thiruvananthapuram
The General Admistration (SC) Department (vide item No.1347 dated 16.03.2012)
The Finance Department
The Revenue Department
The Food and Civil Supplies Department
The Health & Family Welfare (P) Department
The Planning & Economic Affairs Department
Stock File/Office Copy

Forwarded/By Order,

Section Officer

Copy to:- PS to Minister (Health & Coir)
PA to Principal Secretary (H & FW)